2015
മാർച്ച് 1

# നോമ്പുകാലം
## മൂന്നാം ഞായർ

| | |
|---|---|
| ഉൽപ 7,6-24, | ജോഷ്വ 5,13-6:5 |
| റോമാ 7,14-25 | മത്താ 20,17-28 |

### സ്മൃതി

പഞ്ചഗ്രന്ഥിയിലെ ഉത്പത്തി പുസ്തകത്തിൽ നിന്നുള്ള ആദ്യവായന(ഉത്പ 7, 1-24) ഭൂമിയിൽ തിന്മ വർദ്ധിച്ചിരിക്കുന്നു എന്നും പരിണിതഫലമായി ദൈവം ഇടപെടുന്നു എന്നതുമാണ്. എന്നാൽ ദൈവത്തിന്റെ നീതി നല്ലവനായ നോഹയെ പ്രളയത്തിൽ നിന്നും രക്ഷിച്ച് അനുഗ്രഹിക്കുന്നു. ദൈവം തിന്മയെ വെറുക്കുന്നു. അതേ സമയം നീതിമാനെരക്ഷിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ഇടപെടലുകളിൽ രക്ഷയുടെ ഒരു കിരണം എന്നുമുണ്ടാകും.

മുൻകാല പ്രവാചകഗ്രന്ഥമായ ജോഷ്വായുടെ പുസ്തകം 5, 13-6,5 ദൈവം തന്നെ നയിക്കുന്ന വിശുദ്ധ യുദ്ധത്തിലെ ജറീക്കോയുടെ പതനം വിവരിക്കുന്നു. ദൈവം കനിഞ്ഞല്ലാതെ മാനുഷിക ശക്തികൊണ്ട് ജറീക്കോ നഗരം പിടിച്ചെടുക്കുക സാദ്ധ്യമായിരുന്നില്ല. അതിനാൽ ദൈവവചനത്തിൽ ആശ്രയിക്കാനുള്ള വിശ്വാസവും സന്നദ്ധതയും ഉണ്ടാകണം. സൈന്യത്തിന്റെ സാഹസികതകളേക്കാൾ ദൈവിക പ്രവർത്തനവും വിശ്വാസത്തിന്റെ ശക്തിയും ജറീക്കോ പിടിച്ചെടുക്കുന്നതിൽ നിർണ്ണായകമായ ഘടകങ്ങളാണ്.

### ശ്രുതി

പൗലോസ് ശ്ലീഹാ റോമിലെ സഭയെ അറിയിക്കുന്നത് (7, 14-25) വിശ്വാസികളുടെ രക്ഷ ക്രിസ്തുവിന്റെ മരണത്തിലൂടെ എന്ന പുതിയ ആശയമാണ്. ഇന്നു മുതൽ നിയമത്തിന്റെ കീഴിൽ രക്ഷയെ കണ്ടിരുന്ന കാലം കഴിഞ്ഞു. നിയമത്തിൽ നിന്നും നാം ക്രിസ്തുവിലൂടെ സ്വതന്ത്രരായി ആത്മാവിന്റെ പുതുമയിൽ ജീവിക്കുന്നു. ആന്തരിക ചൈതന്യമാണ് ഇനി പ്രധാനം. ബാഹ്യാനുഷ്ഠാനങ്ങളുടെ കാലം കഴിഞ്ഞിരിക്കുന്നു. അതിനാൽ യേശുക്രിസ്തുവിലൂടെ ലഭിച്ച കൃപാവരമാണ് ജീവിതത്തിന്റെ ശക്തി എന്നതിരിച്ചറിവിൽ ആത്മാവിനാൽ നയിക്കപ്പെട്ട് ജീവിക്കേണ്ടിയിരിക്കുന്നു. അപ്പോൾ ജീവിതത്തിന്റെ പ്രത്യാശ യേശുവിൽ അടിസ്ഥാനപ്പെടും.

വി. മത്തായിയുടെ സുവിശേഷം (20, 17-25) കുരിശിന്റെ തണലിൽ വിവരിക്കപ്പെടുന്ന യേശു ജീവിതകഥയുടെ ഘടകമായ മൂന്നാം പീഢാനുഭവ പ്രവണതയും അതിനുള്ള ശിഷ്യന്മാരുടെ  പ്രതികരണവുമാണ് വിവരിക്കുന്നത്. പീഢാനുഭവത്തിന്റെ അർത്ഥവ്യാപ്തി വിശ്വാസികളായ ശിഷ്യർക്ക് ഗ്രഹിക്കാൻ കഴിഞ്ഞില്ല എന്നു മാത്രമല്ല സ്ഥാനങ്ങളും പദവികളും അവർ തേടുക കൂടി ചെയ്യുന്നു. അധികാര ശൈലിയും ശക്തിപ്രയോഗവും വിജാതീയരുടെ  രീതിയാണ്. ക്രൈസ്തവന്റെ അധികാരം ശുശ്രൂഷയിലൂടെയാണ്  പ്രകടമാകേണ്ടത്. ആത്മദാനപരമായ ജീവിത ശൈലിയാണ്  ശുശ്രൂഷയുടെ ഉൾകാമ്പ്. സഹനത്തിന്റെ പാതയിലേക്ക് തീർച്ചയായും നീങ്ങുന്ന യേശു, അർപ്പണത്തിലൂടെ ജീവിതം ശുശ്രൂഷയാക്കുന്നതിന്റെ മഹനീയോദാഹരണമാണ്. യേശുവിന്റെ പാനപാത്രം സഹനത്തിന്റെ ആഴമാണ് വെളിപ്പെടുത്തുന്നത്. സഹനമരണത്തിലൂടെ സംജാതമാകുന്നത് അനുരഞ്ജനത്തിന്റേയും നവജീവന്റേയും പുതിയ നാളുകളും. കുരിശിന്റെ വഴിതന്നെയാണ് ശിഷ്യർക്കും മഹത്വത്തിലേക്കുള്ള വഴി. ശിഷ്യർ അതുകൊണ്ട്, ശുശ്രൂഷിക്കപ്പെടാതെ ശുശ്രൂഷിച്ചവനും അനേകർക്കായി മോചനദ്രവ്യമായവനുമായ യേശുവിന്റെ പാതയെ അനുഗമിക്കണം.

## ധ്വനി

ശിഷ്യർ ശുശ്രൂഷയുടെ പാതയിലാണ് തീർച്ചയായും ചരിക്കേണ്ടത്. സ്വാർത്ഥത, ശക്തി പ്രയോഗം, സ്വാധീനിക്കാനുള്ള പ്രവണത ഇവ മനുഷ്യജീവിതത്തിലുണ്ടാകും. പക്ഷേ അതും ജീവിത ലക്ഷ്യമാക്കരുത്; അതിനായി അപേക്ഷിക്കരുത്. പ്രതിഫലമില്ലാതെ പ്രവർത്തിക്കുന്ന ക്രൈസ്തവന്റെ ജീവിത ശൈലിക്ക് മറ്റൊന്നും പകരം വയ്ക്കാനില്ല. അർപ്പണ മനസ്ഥിതിയിൽ സ്വജീവിതം എരിഞ്ഞു തീരുമ്പോഴാണ്ശ ിഷ്യന്റെജ ീവിതംസ ഫലമാകുന്നത്.മ രണത്തിലൂടെയാണ് യേശു ജീവിതം മഹത്വത്തിലെത്തുന്നത് എന്ന യാഥാർത്ഥ്യം പീഢാനുഭവ പ്രവചനങ്ങൾ അറിയിക്കുന്നു. എല്ലാം സ്വന്തമാക്കി വലിയവനാകുക എളുപ്പവും സ്നേഹിതനായി ജീവനർപ്പിക്കുക പ്രയാസകരവുമാണ്. ജീവനർപ്പിക്കുക, അപരനായി നൽകുക എന്നതാണ് രക്ഷയുടെ തീർച്ചയുള്ള മാർഗ്ഗം.മത്താ 20:1728 ശിഷ്യത്വം പീഡാനുഭവത്തിൽ പങ്കുചേരാനുള്ള വിളിജീവിതത്തിന്റെ യാത്രയിൽ അനേകം മുഖങ്ങൾ നാം കണ്ടു മുട്ടുന്നു. ചില മുഖങ്ങൾ നിമിഷ നേരത്തേക്ക് മാത്രം മിന്നി മറഞ്ഞു പോകുന്നു. ചിലത് ശാശ്വതമായ വിശ്വസ്തതയുടെ അടയാളമായി നിൽക്കുന്നു. ഉയർച്ചയുടെ കാലങ്ങളിൽ ഒപ്പം നിൽക്കുന്ന മുഖങ്ങളല്ല, സഹനത്തിന്റെയും നിരാശയുടെയും സമയത്ത് സഹായമായും സാന്ത്വനമായും കടന്നു

വരുന്ന മുഖങ്ങളാണ് സ്നേഹത്തിന്റെ സാന്നിദ്ധ്യമായിത്തീരുന്നത്. യേശു നടത്തിയ സഹനയാത്രയായിരുന്നു ജെറുസലേം യാത്ര. അപമാനത്തിന്റെയും

വചനസന്ദേശം

# ശിഷ്യൻ

ഫാ. ടോണി കോഴിപ്പാടൻ

അവഹേളനത്തിന്റെയും ഇടയിലേക്ക് നേരെ നടന്നു കയറുകയായിരുന്നു അവിടുന്ന് ചെയ്തത്. വചനം കേട്ട് അപ്പം ഭക്ഷിച്ച് രോഗസൗഖ്യം നേടി കടന്നു വന്നവരെല്ലാം നേടിയ ദാനങ്ങളെല്ലാം സ്വീകരിച്ച് സ്വസ്ഥമായി ഭവനങ്ങളിലേക്ക് മടങ്ങിയിരുന്നു. നേട്ടങ്ങൾ തേടിയവർ നിരാശരായി മടങ്ങുകയും ചെയ്തു. അതിനാൽ തന്നെ സഹനത്തിന്റെ നിമിഷങ്ങളിൽ അവിടുത്തേക്ക് കൂട്ടിരിക്കാനായി കൂടെയുണ്ടാകുമെന്ന് കരുതിയവർ എന്നാൽ അവിടുത്തെ വേദനയെ കൂടുതൽ ആഴപ്പെടുത്തും വിധം രണ്ടു പേർ അമ്മയോടൊപ്പം കടന്നുവരുന്ന സംഭവമാണ് ഇന്നത്തെ സുവിശേഷ ഭാഗത്ത് ശ്രവിച്ചത്.

ജെറൂസലേമിലേക്കുള്ള വഴികാട്ടി യേശുവാണ്. ജെറുസലേം അവിടുത്തെ സഹനത്തിന്റെയും മരണത്തിന്റെയും മഹത്വത്തിന്റെയും ഇടമാണ്. മഹത്വത്തിന്റെ വേദികളെല്ലാം അവയിൽ തന്നെ സഹനവും മരണവും ഉൾക്കൊള്ളുന്നുണ്ട്. ഈ സഹനസമരവേദിയിലേക്ക് മനുഷ്യനെനയിക്കുന്നത് യേശുവാണ്. ദൈവം കൂടെ നടക്കുമ്പോഴും ദൈവത്തിന്റെ കൂടെ നടക്കുമ്പോഴും ജീവിതയാത്രയിൽ സഹനങ്ങൾ സന്തോഷത്തോടെ സ്വീകരിക്കാൻ നമുക്ക് സാധിക്കുന്നു. കുരിശെന്ന ബലിവേദിയിലേക്ക് സഭാസമൂഹത്തെ ഒരുമിച്ചു ചേർത്തുകൊണ്ട് മുമ്പേ പറക്കുന്ന പക്ഷിയാണ് യേശു. യേശു എന്ന പ്രധാനപുരോഹിതനെക്കുറിച്ച് സംസാരിക്കുമ്പോൾ ഹെബ്രായ ലേഖകൻ പങ്കുവെയ്ക്കുന്നത് ഇപ്രകാരമാണ്, സ്വർഗ്ഗത്തിൽ മഹിമയുടെ സിംഹാസനത്തിന്റെ വലത്തു ഭാഗത്തിരിക്കുന്ന ഒരു പ്രധാനപുരോഹിതൻ നമുക്കുണ്ട്. അവൻ വിശുദ്ധ വസ്തുക്കളുടെയും മനുഷ്യ നിർമ്മിതമല്ലാത്തതും കർത്താവിനാൽ സ്ഥാപിതവുമായ സത്യ കൂടാരത്തിന്റെയും ശുശ്രൂഷകനാണ് (ഹെബ്രായ 8,1) തുടർന്ന് പ്രധാനപുരോഹിതനായ യേശു ഭൂമിയിൽ പൂർത്തിയാക്കിയ ദൗത്യമെന്തെന്നും അദ്ദേഹം രേഖപ്പെടുത്തുന്നു, വിളിക്കപ്പെട്ടവർ വാഗ്ദത്തമായ നിത്യാവകാശം പ്രാപിക്കുന്നതിന് അവൻ ഒരു പുതിയ ഉടമ്പടിയുടെ മധ്യസ്ഥനായി. കാരണം, ആദ്യത്തെ ഉടമ്പടിക്കു വിധേയരായിരിക്കേ, നിയമം ലംഘിച്ചവർക്ക് അവൻ സ്വന്തം മരണത്താൽ രക്ഷയായിത്തീർന്നു (ഹെബ്രായർ 8,15). അവിടുത്തെ ബലിയർപ്പണം ജനത്തെ പാപത്തിന്റെ ശിക്ഷയിൽ നിന്ന് രക്ഷിക്കുന്നതിനു വേണ്ടിയായിരുന്നു.

യേശു തന്റെ പന്ത്രണ്ടു പേരെ മാത്രം കൂട്ടിക്കൊണ്ട് ജെറൂസലേമിലേക്ക് യാത്ര ചെയ്യുമ്പോൾ (ലൂക്ക 20,17). ജെറൂസലേമിലേക്കുള്ള വഴി പോലും ഒറ്റപ്പെടലിന്റേതാണ്. ആരവങ്ങളോടും ആർപ്പുവിളിയോടും കൂടിയാണ് അവിടുന്ന്

ജെറുസലേമിൽ പ്രവേശിക്കുന്നതെങ്കിലും അവിടേക്കുള്ള അവിടുത്തെ യാത്ര കൂടുതലും ഏകാന്തമായിരുന്നിരുന്നു. സഹനത്തിലേക്കുള്ള യാത്രയിൽ നമ്മോടൊപ്പം നടക്കാൻ അനേകർ കാണണമെന്നില്ല. ചിരിച്ചു വർത്തമാനം പറഞ്ഞ് ആഹ്ലാദിച്ചു നടക്കുന്നവരോടൊപ്പം നടക്കാനും അവരെ സ്നേഹിതരാക്കാനും അനേകർ കണ്ടെന്നു വരാം. എന്നാൽ വ്യാകുലരായി കാണപ്പെടുന്ന മുഖങ്ങൾ ഏത് സമൂഹത്തിലും ഒറ്റത്തുരുത്തുകളായി മാത്രം കാണപ്പെടുന്നു. അവരും ഒരു കാലത്ത് ചിരിച്ച് കളിച്ച് നടന്നവരായിരിക്കണം, അനേകം സുഹൃത്തുക്കൾ ഉണ്ടായിരുന്ന വരായിരിക്കണം, അനേകരെ സഹായിച്ചവരായിരിക്കണം, എന്നാൽ ആനന്ദത്തിന്റെ ഈ ആരവങ്ങൾ ഒഴിഞ്ഞപ്പോൾ അവരെ ആൾക്കൂട്ടം കയ്യൊഴിഞ്ഞു. ഉറ്റസുഹൃത്തിനൊപ്പം നിന്ന് സഹനത്തിന്റെ മുഖത്തേക്ക് നോക്കാൻ ആർക്കും കഴിയണമെന്നില്ല.

യേശുവിനെ അവിടുത്തെ മഹത്വത്തിന്റെ വേദിയിൽ കണ്ടുമുട്ടുന്നവർ സഹനവഴികളിൽ അനുഗമിക്കണമെന്ന് സുവിശേഷകൻ ബോധ്യപ്പെടുത്തുന്നു. ഗലാത്തിയ ലേഖനത്തിൽ പൗലോസ് ശ്ലീഹ ഓർമ്മപ്പെടുത്തുന്നു, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കുരിശിലല്ലാതെ മറ്റൊന്നിലും മേന്മ ഭാവിക്കാൻ എനിക്ക് ഇടയാകാതിരിക്കട്ടെ. അവനെപ്രതി ലോകം എനിക്കും ഞാൻ ലോകത്തിനും ക്രൂശിക്കപ്പെട്ടിരിക്കുന്നു (ഗലാത്തിയ 6,14). കുരിശിലാണ് ദൈവജനം സമാധാനവും രക്ഷയും കണ്ടെത്തേണ്ടത്.

നോമ്പുകാലം സഹനത്തിലൂടെ യേശുവിനെഅനുഗമിക്കുന്ന കാലമാണ്. ആനന്ദത്തിന്റെയും മഹത്വത്തിന്റെയും അവസരങ്ങൾ നമുക്ക് മുമ്പിലുണ്ട്. ഒപ്പം ത്യാഗത്തിനായി നീക്കി വെയ്ക്കപ്പെടാവുന്ന നിമിഷങ്ങളും. ഭൗതികവും നശ്വരവുമായ ആനന്ദത്തേക്കാൾ നിത്യാനന്ദവും നന്മയുമുൾക്കൊള്ളുന്ന സഹനത്തിന്റെ വഴികളെ പിന്തുടരുകയായിരിക്കണം നമ്മുടെ ലക്ഷ്യം.

വിശുദ്ധ കുർബാനനിത്യനഗരമായ ജെറുസലേമിലേക്കുള്ള യാത്രയിൽ നമ്മെ ശക്തിപ്പെടുത്തുന്ന കൂദാശയാണ്. ഈ ലോകത്തിൽ നമ്മെ ഒറ്റപ്പെടുത്തി യാത്രയായയവനല്ല നമ്മുടെ ദൈവം ഭൂമിയിലെ യാത്രയിൽ മനുഷ്യരോടൊപ്പമായിരിക്കാൻ പരിശുദ്ധ കുർബാനയായി കൂടെ വസക്കുന്നവനും നിത്യ ജീവന്റെ അപ്പമായി പരിപോഷിപ്പിക്കുന്നവനുമാണ്. മുറിക്കപ്പെടുന്ന തിരുശരീരത്തിന്റെയും ചിന്തപ്പെടുന്ന തിരുരക്തത്തിന്റെയും യോഗ്യതയും നന്മയും നമ്മുടെ ജീവിത്തിലും ഉൾക്കൊള്ളാൻ സാധിക്കണം . രോഗങ്ങളിലും വേദനകളിലും സമാശ്വസിപ്പിച്ച് കൂടെ നടക്കുന്ന ദൈവസാന്നിദ്ധ്യം അനുഭവിക്കാൻ ഇടയാകണം ജീവിതത്തിലെ അവിചാരിത ദുരന്തങ്ങളിൽ നമ്മോടൊപ്പം താങ്ങി നിർത്തുന്ന ദൈവസാന്നിദ്ധ്യമുണ്ടെന്ന് തിരിച്ചറിയാൻ സാധിക്കണം. സഹനത്തിന്റെ കാസ കുടിക്കണമെന്നത് ദൈവഹിതമെങ്കിൽ അത് ആനന്ദത്തോടെ സ്വീകരിക്കാനും ദൈവത്തെ മഹത്വപ്പെടുത്താനും നമുക്ക് സാധിക്കട്ടെ.

## നേർകാഴ്ച Nerkazhcha — Gospel Today

ഈശോമിശിഹായുടെ പീഢാനുഭവവും, മരണവും, ഉത്ഥാനവും ഈശോയുടെ മനസ്സിലുണ്ടായിരുന്നു വ്യക്തമായ പദ്ധതിയാണ്. ഇതിനുവേണ്ടിയാണ് അവിടന്ന് മനുഷ്യനായത്. ഈ ചരിത്രസത്യം അംഗീകരിക്കുവാൻ ചരിത്രത്തോടും തിരുവചനത്തോടുംത റുവിയുള്ളആ ർക്കുംസ ാധിക്കും.അ തേത റുവിത ിരുവചനങ്ങളോടുണ്ടെങ്കിൽവ ീണ്ടുംന മ്മൾ മനസ്സിലാക്കാണം കർത്താവ് ഇത് ചരിത്രത്തിലെ ഒറ്റപ്പെട്ട സംഭവമായി മാറ്റിനിർത്താനല്ലായിരുന്നു ആഗ്രഹിച്ചത്. ലോകവസാനം വരെ പ്രതീകങ്ങളിലൂടെ തുടരാനായിരന്നു ആഗ്രഹിച്ചത്. മലാക്കിയ 1: 11 ഇതു വ്യക്തമാക്കുന്നുണ്ട്. അതുകൊണ്ട് മനുഷ്യ പുത്രൻ വന്നത് അനേകരുടെ മോചനദ്രവ്യമായി സ്വയം സമർപ്പിക്കുന്ന ശുശ്രൂഷ നിരന്തരം തുടരുന്ന ദിവ്യബലി സ്ഥാപിക്കാനാണ് അവിടന്ന് വന്നത്. അവിടന്ന് വന്നത് ലോകാവസാനം വരെ തന്റെ ബലി തുടർന്നുകൊണ്ട് സഭയിലൂടെ രക്ഷാകര പ്രവൃർത്തി തുടരാനായിരുന്നു. നിത്യബലിയർപ്പിച്ചുകൊണ്ട് നിത്യ പുരോഹിതനാകാനാണ് അവിടന്ന് വന്നത്.